# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4614 26.10.2016-ൽ മറുപടിക്ക്**

## വനം ഡിപ്പോകളിലെ തടികളുടെ ലേലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി : | **അഡ്വ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) വനം ഡിപ്പോകളിൽ തടികളുടെ ലേലം ഓൺലൈൻ സംവിധാനത്തിലാക്കിയത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ; | (എ) 19.11.2014 മുതലാണ് വനം ഡിപ്പോകളിൽ തടികളുടെ ലേലം ഓൺലൈൻ സംവിധാനത്തിലാക്കിയത്. |
| ബി) ഓൺലൈൻ സംവിധാനം കാര്യക്ഷമമായി നടക്കാത്തതുമൂലം സർക്കാരിന് വരുമാന നഷ്ടം ഉണ്ടാകുന്നതും തടികൾ നശിക്കുന്നതുമായ സ്ഥിതി വിശേഷം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ഓൺലൈൻ സംവിധാനം കാര്യക്ഷമമായി നടക്കാത്തതുമൂലം വരുമാന നഷ്ടം ഉണ്ടാകുന്നതും തടികൾ നശിക്കുന്നതുമായ സ്ഥിതി വിശേഷം ഇല്ല. |
| സി) വനം ഡിപ്പോകളിലെ ഓൺലൈൻവൽക്കരണം പൂർത്തീകരിക്കുന്നതിനും ഓൺലൈൻ സംവിധാനം കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) വനം വകുപ്പിലെ എല്ലാ ഡിപ്പോകളിലും ഓൺലൈൻവൽക്കരണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഡിപ്പോകളിലെ സ്റ്റാഫിനും, പൊതുജനങ്ങൾക്കും തടിക്കച്ചവടക്കാർക്കും ഇ-ലേലം സംബന്ധിച്ച് ബോധവൽക്കരണവും, പരിശീലനവും നടത്തിയിട്ടുണ്ട്. നിലവിൽ ഇ-ലേലം കാര്യക്ഷമമായാണ് നടക്കുന്നത്. |

സെക്ഷൻ ഓഫീസർ